# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 6647 — 01.11.2011 ൽ മറുപടിക്ക്

## 'മഴപ്പൊലിമ' പദ്ധതി

| ചോദ്യം<br>ശ്രീമതി ഗീതാ ഗോപി | മറുപടി<br>ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) തൃശൂർ ജില്ലയിൽ ജില്ലാ ഭരണകൂടം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന 'മഴപ്പൊലിമ' എന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് ,<br>തൃശൂർ ജില്ലയിൽ ജില്ലാ ഭരണ കൂടത്തിൻെറ നേതൃത്വത്തിൽ കിണർ റീ ചാർജ്ജിങ്ങ് പരിപാടികൾക്കായി 'മഴപൊലിമ' എന്ന പേരിൽ ഒരു പ്രോജക്ട് 2008 മുതൽ ആരംഭിച്ചിട്ടുണ്ട്. ജില്ലയുടെ സമഗ്ര മഴവെള്ള സംഭരണവും ഭൂഗർഭ പരിപോഷണവുമാകുന്നു പദ്ധതിയുടെ ലക്ഷ്യം. ആയതിനുവേണ്ടി ഒരു സ്പെഷ്യൽ സർവീസ് വെഹിക്കിൾ ആയി 'മഴപൊലിമ മോണിട്ടറിങ്ങ് ആൻറ് കോർഡിനേഷൻ യൂണിററ്' തൃശൂർ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ ഓഫീസ് സംവിധാനത്തിനുവേണ്ട ഫണ്ട് നൽകുന്നതു ബാംഗ്ലൂർ ആസ്ഥാനമായ 'ആർഗ്യം' എന്ന സന്നദ്ധ സംഘടനയാകുന്നു. കഴിഞ്ഞ 3 വർഷത്തിലധികമായി ഈ സംവിധാനം തൃശൂർ ജില്ലയിൽ ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു. ജില്ലയിൽ 7000 ത്തിലധികം കിണറുകൾ റീ ചാർജ്ജു ചെയ്യുകയും മഴവെള്ളം പറമ്പുകളിലും കൃഷിയിടങ്ങളിലും താഴ്ത്തുന്നതിനുള്ള പ്രവർത്തികൾ ഇപ്പോൾ ഏറെറടുത്തു വരുന്നു. 2010 ലെ യുണെസ്ക്കൊ സ്പോൺസർ ചെയ്യുന്ന വാട്ടർ ഡൈജെസ്റ്റ് അവാർഡ് മഴപ്പൊലിമക്ക് ലഭിച്ചിട്ടുണ്ട്. |
| (ബി) ഈ പദ്ധതിക്കായി സർക്കാർ പ്രഖ്യാപിച്ച തുക എത്രയാണ്; അതിൽ എന്തു തുക അനുവദിച്ചു എന്ന് അറിയിക്കുമോ ; | (ബി) മഴപ്പൊലിമ പദ്ധതി നടപ്പാക്കുന്നതിന് വേണ്ടി സംസ്ഥാന റവന്യൂ മന്ത്രിയായിരുന്ന ശ്രീ കെ.പി. രാജേന്ദ്രൻ 2 കോടിരൂപ ഈ പദ്ധതിക്ക് നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. 23.01.2009 |

ലെ ജി.ഒ. (ആർ.ടി) നമ്പർ 299/2009/ഡി എം.ഡി. നമ്പർ ഉത്തരവ് പ്രകാരം 1 കോടി രൂപ മാത്രമാണ് ഇതുവരെയായിട്ടും സർക്കാരിൽ നിന്നും നൽകിയിട്ടുള്ളത്. രണ്ടാമത്തെ ഗഡുവിന് വേണ്ടി തൃശൂർ ജില്ലാ കളക്ടർ റവന്യൂ വകുപ്പിൽ 01.03.2011 ൽ ഡി.ഒ. നമ്പർ എം.എം.സി.യു/01/09 നമ്പറായി പ്രൊപ്പോസൽ നൽകിയെങ്കിലും തുക അനുവദിക്കപ്പെട്ടിട്ടില്ല.

(സി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ ;

(സി) തദ്ദേശ സ്വയംഭരണ വകുപ്പും ജല വിഭവ വകുപ്പും ഇതുമായി ബന്ധപ്പെട്ടു പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു.

14/7/2009 ൽ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 1735/09/ത.സ്വ.ഭ.വ. നമ്പറായി പുറപ്പെടുവിച്ച ഉത്തരവിൽ ഓരോ മഴപ്പൊലിമ യൂണിററിനും വരുന്ന യൂനിററ് കോസ്റ്റ് നിശ്ചയിച്ചിട്ടുണ്ട്. പദ്ധതി വിഹിതത്തിലെ സേവന മേഖലയിൽ നിന്ന് സംഖ്യ വഹിക്കണമെന്നും ഉത്തരവിൽ സൂചിപ്പിച്ചിട്ടുണ്ട്.

2010 മേയ് 18 ന് സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 32/2010/ഡബ്ല്യു.ആർ.ഡി. നമ്പരായി ജലവിഭവ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിൽ മഴപ്പൊലിമ പ്രോജക്ടിൻെറ മാതൃക മററിടങ്ങളിലേയ്ക്കും വ്യാപിപ്പിക്കണമെന്നും സംസ്ഥാന വ്യാപകമായി മഴപ്പൊലിമ പദ്ധതി നടപ്പാലാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) ഈ പദ്ധതിക്ക് ബാക്കി നൽകേണ്ട തുക എന്ന് അനുവദിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

(ഡി) സംസ്ഥാന സർക്കാർ ഡിസാസ്റ്റർ മാനേജ്മെൻറ് (റവന്യൂ . കെ) വകുപ്പ് 23.01.2009 ലെ ജി.ഒ. (ആർ.ടി) നമ്പർ 299/2009/ഡി.എം.ഡി. ഉത്തരവ് പ്രകാരം 2245 – 01– 102– 99 ഡ്രോട്ട് – ഡ്രിങ്കിങ്ങ് വാട്ടർ സപ്ലൈ എന്ന ഹെഡ്ഡിൽ നിന്ന് 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്(ഉത്തരവ് വയ്ക്കുന്നുണ്ട്)

സെക്ഷൻ ഓഫീസർ